മാധ്യമം

2 September 2016

# മത്സ്യബന്ധനത്തിന് മിനിമം ലീഗൽ സൈസ് ഉത്തരവ് നടപ്പാക്കാൻ നടപടി

കൊച്ചി: പിടിച്ചെടുക്കാവുന്ന 14 ഇനം മത്സ്യങ്ങളുടെ കുറഞ്ഞ നീളം നിജപ്പെടുത്തി മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്ന മിനിമം ലീഗൽ സൈസ് (എം.എൽ.എസ്) നടപ്പാക്കാൻ നടപടിയായി. കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ 58 മത്സ്യ ഇനങ്ങളുടെ മിനിമം ലീഗൽ സൈസ് നിജപ്പെടുത്തി നൽകിയ ശിപാർശ നടപ്പാക്കുന്നതിൻെറ ഭാഗമായി സംസ്ഥാന സർക്കാർ 14 മത്സ്യ ഇനങ്ങൾക്കായി വിജ്ഞാപനം പുറപ്പെടുവിക്കുകയായിരുന്നു.

മിനിമം ലീഗൽ സൈസ് വിജ്ഞാപനം കേരളത്തിൽ നടപ്പാക്കുന്നതോടെ മറ്റ് തീരദേശ സംസ്ഥാനങ്ങളിലും സമാന നിയന്ത്രണങ്ങൾക്ക് പ്രേരകമാവുമെന്നാണ് സി.എം.എഫ്.ആർ.ഐയുടെ കണക്കുകൂട്ടൽ. കേരള കടലിൽനിന്ന് കഴിഞ്ഞ ഏതാനും വർഷങ്ങളായി മത്സ്യത്തിൻെറ ലഭ്യതയിൽ തുടർച്ചയായി കുറവുണ്ടായ സാഹചര്യത്തിലാണ് എം.എൽ.എസ് നടപ്പാക്കാൻ ആലോചന തുടങ്ങിയത്.

സുസ്ഥിര മത്സ്യലഭ്യതക്ക് കേരളം മുൻകൈയെടുത്ത് തുടങ്ങിവെക്കുകയും പിന്നീട് മറ്റെല്ലാ തീരദേശ സംസ്ഥാനങ്ങളും ഏറ്റെടുത്ത് നടപ്പാക്കുകയും ചെയ്ത മൺസൂൺകാല ട്രോളിങ് നിരോധം ശ്രദ്ധേയമായ തീരുമാനമായിരുന്നു. ഇതുപോലെതന്നെ മറ്റൊരു സുപ്രധാന തീരുമാനമാണ് കേരള സർക്കാർ മിനിമം ലീഗൽ സൈസ് എന്ന പേരിൽ പിടിച്ചെടുക്കാവുന്ന 14 ഇനം മത്സ്യങ്ങളുടെ കുറഞ്ഞ നീളം നിജപ്പെടുത്തി 2015 ജൂലൈ 24നാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്.